LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	കോളനികൾ	കുടുംബങ്ങളുടെ എണ്ണം
1	പുന്നപ്ര ഹരിജൻ കോളനി	6
2	ശാന്തമംഗലം കോളനി	6
3	തോപ്പിൽ	7
4	മാനിഷാദ	5
5	ചിറമുറിക്കൽ	8
	ആകെ	32

(ബി) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിടുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ നിന്നും കോളനികൾ തെരഞ്ഞെടുത്തിട്ടില്ല.

പുനലൂർ താലൂക്കിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാൻ നടപടി

24(769) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിൽ നിലവിൽ ഇന്റർനെറ്റ്, മൊബൈൽ റേഞ്ച് ലഭ്യതയില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ എത്രയെന്ന് വ്യക്തമാക്കുമോ?

പുനലൂർ താലൂക്കിൽ 8 പട്ടികജാതി കോളനികളിലും 11 പട്ടികവർഗ്ഗ കോളനികളിലും ഇന്റർനെറ്റ്, മൊബൈൽ റേഞ്ച് കണക്റ്റിവിറ്റി ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ ഇന്റർനെറ്റ്, മൊബൈൽ റേഞ്ച് ലഭ്യത ഉറപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞ 11 പട്ടികവർഗ്ഗ കോളനികൾ ഉൾപ്പെടെ കൊല്ലം ജില്ലയിലെ ഇന്റർനെറ്റ് സൗകര്യമില്ലാത്ത 15 പട്ടികവർഗ്ഗ കോളനികളിൽ Fibre to the home (എഫ്.റ്റി.റ്റി.എച്ച്) കണക്ഷൻ നൽകുന്നതിനായി 11,76,500 രൂപയുടെ എസ്റ്റിമേറ്റ് ബി.എസ്.എൻ.എൽ.-ൽ നിന്നും ലഭ്യമാക്കിയിരുന്നു. അവയിൽ 5 കോളനികളിൽ കണക്ഷൻ നൽകുന്നതിന് 4,87,500 രൂപയുടെ ഭരണാനുമതി ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 10 കോളനികളിൽ ടി സംവിധാനം ഏർപ്പെടുത്തുന്നതിന് 6,89,000 രൂപയുടെ ഭരണാനുമതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും ബി.എസ്.എൻ.എൽ. ജനറൽ മാനേജർക്ക് നൽകിയിട്ടുണ്ട്. അപ്രകാരം 11 കോളനികളിൽ 5 സ്ഥലത്ത് കണക്ഷൻ ലഭ്യമാക്കുകയും 4 കോളനികളിൽ പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. ശേഷിക്കുന്ന 2 കോളനികളിലെ പണികൾ ഉടൻ ആരംഭിക്കുന്നതുമാണ്. പട്ടികജാതി കോളനികളിലും മൊബൈൽ റേഞ്ച്, ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത കോളനികളിൽ എന്നത്തേക്ക് പൂർണ്ണമായി ഇന്റർനെറ്റ്, മൊബൈൽ റേഞ്ച് സൗകര്യം ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത മുഴുവൻ കോളനികളിലും 2021 ഒക്ടോബർ അവസാനത്തോടെ Fibre to the home (എഫ്.റ്റി.റ്റി.എച്ച്) സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുതുക്കാട് മണ്ഡലത്തിൽ അനുവദിച്ച അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമ പദ്ധതി

25(770) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലാണ് അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമ പദ്ധതി അനുവദിച്ച് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഓരോ കോളനിയിലെയും നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.